DESPATCHED
On...21/01/22



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No. 1749(3)/2021** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.14468/*എസ്.ഐ.സി-ജി 1/2021*)

സന്നിഹിതൻ

**ശ്രീ.എ.അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

തീയതി : 19.01.2023

**ശ്രീ.വേണുഗോപാലപിള്ള പി.വി.**
ട്രഷറർ (ACPM)
67, സുഭാഷ് നഗർ, ഇടപ്പള്ളി
കൊച്ചി 682 024 } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
   **സൂപ്രണ്ട്**
   **ഹെൽത്ത് വിഭാഗം**
   **കൊച്ചി നഗരസഭ**

2. **അപ്പീൽ അധികാരി &**
   **ഹെൽത്ത് ഓഫീസർ**
   **കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 23.04.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.05.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 18.08.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.09.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 06.11.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 08.11.2021 |

## ഉത്തരവ്

എറണാകുളം കോർപ്പറേഷൻ പരിധിയിൽ കലൂരിൽ പ്രവർത്തിക്കുന്ന മാർക്കറ്റിന്റെ ഉടമസ്ഥാവകാശം, അതിന് നൽകിയ പ്രവർത്തനാനുമതി, അവിടെ വ്യാപാരം നടത്തുന്നവരുടെ ലൈസൻസ് വിവരം, ടി മാർക്കറ്റിൽ നിന്ന് മലിനജലം ഒഴുകി കെട്ടിക്കിടക്കുന്നത് സംബന്ധിച്ച് നൽകിയ പരാതിയിന്മേൽ കൈക്കൊണ്ട നടപടി വിവരം എന്നിവ അന്വേഷിച്ച് 23.04.2021 ന് ഇടപ്പള്ളി സുബാഷ് നഗർ 67 ൽ ശ്രീ.വേണുഗോപാലപിള്ള.പി.വി. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ആസ്ഥാനത്തെ ആരോഗ്യ വിഭാഗത്തിൽ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും 18.08.2021 ന് നൽകിയ ഒന്നാം അപ്പീലിനും ലഭിച്ച മറുപടികൾ തൃപ്തികരമല്ലെന്ന് കാണിച്ച് ടിയാൻ രണ്ടാം അപ്പീലുമായി ഈ കമ്മിഷനെ സമീപിക്കുകയായിരുന്നു. കമ്മിഷൻ കോർപ്പറേഷനിൽ നിന്ന് ഇതു സംബന്ധിച്ച് റിപ്പോർട്ട് തേടി. 2022 ആഗസ്റ്റ് 5ന് കമ്മീഷനു ലഭിച്ച റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങളുടെ വ്യക്തതക്കുവേണ്ടി 30.11.2022 ന് കമ്മീഷൻ കൊച്ചിയിലെത്തി, കോർപ്പറേഷൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ഒന്നാം അപ്പീൽ അധികാരി എന്നിവരെ കേൾക്കുവാൻ ക്ഷണിച്ചിരുന്നു. എന്നാൽ ഇരുവരും ഹാജരായില്ല. തുടർന്ന് 04.01.2023 ൽ കമ്മീഷൻ ആസ്ഥാനത്തേക്ക് ഇരുവരേയും സമൻസ് അയച്ച് വിളിച്ചു വരുത്തുകയും അതിൽ എസ്.പി.ഐ.ഒ ക്കു പകരം മറ്റൊരാളും അപ്പീൽ അധികാരിക്കു പകരം മറ്റൊരാളുമാണ് ഹാജരായത്. ഇവരെ കമ്മിഷൻ മടക്കി അയക്കുകയും 16.01.2023 ന് എസ്.പി.ഐ.ഒ, അപ്പീൽ അധികാരി എന്നിവർ നേരിട്ടു തന്നെ കമ്മീഷൻ ആസ്ഥാനത്ത് എത്താൻ വീണ്ടും സമൻസ് അയക്കുകയും ചെയ്തു. അതിൽ നേരിട്ട് ഹാജരാകേണ്ടിയിരുന്ന ഹെൽത്ത് ഓഫീസർ-ഇൻ-ചാർജ് ശ്രീ വിൽസൺ സി.ജി. ഹൃദയസംബന്ധമായ ശസ്ത്രക്രിയ കഴിഞ്ഞ ആളാണെന്നും അദ്ദേഹത്തിന്റെ പ്രതിനിധിയായി കോർപ്പറേഷൻ ഔദ്യോഗികമായി ചുമതലപ്പെടുത്തിയ ശ്രീ സുധീഷ് കുമാർ ജി. ഹെൽത്ത് സൂപ്പർവൈസറും ശ്രീ സൈജു ഒ.റ്റി സൂപ്രണ്ടും ഹാജരായി. ശ്രീ വേണുഗോപാലപിള്ള ആവശ്യപ്പെട്ട വിവരങ്ങളുടെ ഫയലിൽ ലഭ്യമായ

RIGHT TO INFORMATION

മറുപടികളെല്ലാം അനുബന്ധരേഖകളുടെ പകർപ്പ് സഹിതം അദ്ദേഹത്തിന് ലഭ്യമാക്കിയിട്ടുള്ളതായി കോർപ്പറേഷൻ പ്രതിനിധി കമ്മിഷൻ മുമ്പാകെ ബോധിപ്പിച്ചു. അത് തെളിയിക്കുന്ന 15 പേജുകളുള്ള രേഖകളും കമ്മിഷൻ മുമ്പാകെ സമർപ്പിച്ചു.

2. കമ്മിഷൻ മുമ്പാകെ 16.01.23 ന് സമർപ്പിച്ച തൽസ്ഥിതി റിപ്പോർട്ടിന്റെയും അതിൽ ഉള്ളടക്കം ചെയ്തിട്ടുള്ള രേഖകളുടേയും ഒരു പകർപ്പുകൂടി അപേക്ഷകന് അയച്ചു ലഭ്യമാക്കാൻ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം (2023 ജനുവരി മാസം 19-ാം തീയതി) തീർപ്പു കൽപ്പിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

NAS